**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5695** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് തൊഴിൽ പ്രാവീണ്യം നേടിയെടുക്കുന്നതിന് പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അമിത പലിശക്കാരിൽ നിന്ന് സ്ത്രീകളായ മത്സ്യവിപണന തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് നടത്തിയ പ്രവർത്തനത്തിന്റെ ഫലം അറിയിക്കാമോ; | (ബി) | മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ആശ്രയിക്കുന്ന പ്രവണതയിൽ നിന്ന് ഒഴിവാക്കുന്നതിനും അവരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുന്നതിനും വേണ്ടിയാണ് ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത്. തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾ, പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 5 പേരടങ്ങുന്ന 350 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി 3R Project ( 3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms)), JLG Project (JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21) എന്നീ പദ്ധതികളിലൂടെ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 504 JLG കൾക്കായി 252 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ച് കഴിഞ്ഞു. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. 2021-22 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന JLG പദ്ധതിയിലൂടെ 1500 ഗുണഭോക്താക്കൾ അടങ്ങുന്ന 300 ഖഘഏ കൾ ആരംഭിക്കുക വഴി 150 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യുവാൻ സാധിക്കും. റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിരിക്കുന്ന ഗ്രൂപ്പുകൾ തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് അടുത്ത ഘട്ടം റിവോൾവിംഗ് ഫണ്ടായി അനുവദിക്കുകയും ചെയ്യുന്നു. . |
| (സി) | തീരമൈത്രി യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നു; വിശദീകരിക്കുമോ? | (സി) | തീരമൈത്രി യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ ഇടപെടലുകൾ താഴെചേർക്കുന്നു. a) പലിശ രഹിത ചാക്രീകമൂലധന സഹായം (Interest free Working Capital Revolving Fund)– b) സാങ്കേതികവിദ്യാ നവീകരണ പദ്ധതി (Technology Improvement) c) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme) d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ e) ബ്രാൻറിംഗ് & മാർക്കറ്റിംഗ് (Branding and Marketing) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിങ് കിയോസ്ക് കേരളബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി കിസാൻ ക്രെഡിറ്റ്കാർഡ് വായ്പ പദ്ധതി KSWDC മുഖേനയുള്ള NMDFC വായ്പ പദ്ധതി |

സെക്ഷൻ ഓഫീസർ